"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - പാലക്കാട് ഷൊർണ്ണൂർ കയിലിയാട് എ.എൽ.പി സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി. സബിത എ. ഫയൽ ചെയ്ത WP(C)No. 28791/2022-ന്മേൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച 02.09.2022-ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.2942/2023/GEDN തീയതി, തിരുവനന്തപുരം, 19-05-2023

---

പരാമർശം:-

1. പാലക്കാട് ഷൊർണ്ണൂർ കയിലിയാട് എ.എൽ.പി സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി. സബിത എ. സർക്കാരിൽ സമർപ്പിച്ച 22/08/2022 തീയതിയിലെ പുനഃപരിശോധനാ ഹർജി(Ext.P9).
2. ബഹു. കേരള ഹൈക്കോടതിയുടെ 02.09.2022-ലെ W.P.(C)No. 28791/2022-ന്മേലുള്ള വിധിന്യായം.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 27/12/2022 തീയതിയിലെ ജി1/17165/2022/ഡിജിഇ നമ്പർ കത്ത്.
4. പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ 26/12/2022 തീയതിയിലെ DDEPKD/4801/2022-B3 നമ്പർ കത്ത്.
5. ചെർപ്പുളശ്ശേരി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 22/12/2022 തീയതിയിലെ ഇ/3851/2022 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പാലക്കാട് ഷൊർണ്ണൂർ കയിലിയാട് എ.എൽ.പി. സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി. സബിത എ. ഫയൽ ചെയ്ത WP(C)No. 28791/2022-ന്മേൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം 2 വിധിന്യായത്തിൽ ഹർജിക്കാരി സർക്കാരിൽ സമർപ്പിച്ച പരാമർശം 1 (Ext. P9) പുനഃപരിശോധനാ ഹർജി, ഹർജിക്കാരിയെ കേട്ട് തീർപ്പാക്കണമെന്ന് ടി റിട്ട് ഹർജിയിലെ ഒന്നാം എതിർകക്ഷിയായ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം

നൽകിയിരുന്നു. അപ്രകാരം 7.2.2023-ൽ ബന്ധപ്പെട്ട കക്ഷികളെ നേരിൽ കേട്ടു.

**2. ഹർജിക്കാരിയുടെ വാദങ്ങൾ താഴെ കൊടുക്കുന്നു:**

കടമ്പഴിപ്പുറം എ.ജെ.ബി. സ്കൂളിലെ അദ്ധ്യാപിക ശ്രീമതി.ശോഭന 17.5.2013-ന് മരണപ്പെട്ട ഒഴിവിൽ നിയമിക്കപ്പെട്ട ശ്രീ.എ. അച്യുതൻ 24.3.2014-ന് രാജി വെച്ച ഒഴിവിലാണ് 2.6.2014 മുതൽ ഞാൻ നിയമിക്കപ്പെട്ടത്. ഈ നിയമനം 23.9.2014 മുതൽ 31.3.2015 വരെ റഗുലറായി ചെർപ്പുളശ്ശേരി എ.ഇ.ഒ. അംഗീകരിച്ചു.

2014-15 വർഷത്തെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് തീയ്യതി 23.9.2014 ആയതു കൊണ്ടാണ് 23.9.2014 മുതൽ നിയമനം അംഗീകരിച്ചത് എന്നാണ് എ.ഇ.ഒ യുടെ വാദം. ഈ വാദം ശരിയല്ല. അധിക തസ്തികകളിലെ നിയമനങ്ങൾക്ക് മാത്രമേ ഇത് ബാധകമാവുന്നുള്ളൂ എന്ന് 29.8.1992-ലെ 37685/J1/90 നമ്പർ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്റെ നിയമനം അധിക തസ്തികയിൽ അല്ലാത്തതിനാൽ നിയമന തീയ്യതിയായ 2.6.2014 മുതൽക്ക് തന്നെ നിയമനം അംഗീകരിക്കപ്പെടേണ്ടതാണ്.

2014-15 വർഷം ഹെഡ്മാസ്റ്റർ ഉൾപ്പെടെ 7 തസ്തികകൾ അനുവദിച്ചിട്ടുണ്ട്. ഇതിൽ ഏഴാമത്തെ വ്യക്തിയാണ് ഞാൻ. എനിക്ക് മുമ്പുള്ള 6 പേർക്കും ജൂൺ, ജൂലൈ, ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലെ ശമ്പളം ലഭിച്ചിട്ടുണ്ട്. 23.9.2014 മുതൽ മാത്രമേ സ്കൂളിന് അംഗീകാരം ഉള്ളൂ എങ്കിൽ ഇവർക്കും 23.9.2014 മുതൽക്കല്ലേ ശമ്പളത്തിന് അർഹത ഉണ്ടാകുമായിരുന്നുള്ളൂ.

എന്റെ നിയമനം 31.3.2015-ന് ലിമിറ്റ് ചെയ്തിട്ടുമുണ്ട്. മാർച്ച് 31-ന് 8 മാസം സർവ്വീസ് ഇല്ലാത്തതിനാലാണ് നിയമനം ലിമിറ്റ് ചെയ്തതെന്ന് എ.ഇ.ഒ. പറയുന്നു. കെ.ഇ.ആർ. അദ്ധ്യായം XIV-A റൂൾ 49 പ്രകാരം സ്ഥിരം ഒഴിവുകളിൽ നിയമിക്കപ്പെട്ടവർക്ക് അവരുടെ സേവന ദൈർഘ്യം പരിഗണിക്കാതെ തന്നെ അവധി ശമ്പളം അനുവദിക്കാമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത് 5.3.2018-ലെ J3/182/2017/G.EDN എന്ന കത്തിൽ സർക്കാർ വ്യക്തമാക്കിയിട്ടുമുണ്ട്. ഞാൻ റഗുലർ തസ്തികയിലാണ് നിയമിക്കപ്പെട്ടത് എന്നതിനാൽ അവധിക്കാല ശമ്പളത്തിന് അർഹയാണ്.

2014-15 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവിന്റെ പ്രാബല്യം 15.7.2014 മുതൽ 14.7.2015 വരെയാണ്. ഇതനുസരിച്ച് എന്റെ നിയമനം 14.7.2015 വരെ അംഗീകരിക്കപ്പെടേണ്ടതായിരുന്നു.

2015-16, 2016-17 വർഷങ്ങളിൽ എനിക്ക് നിലനിൽക്കാനാവശ്യമായ തസ്തിക സ്കൂളിൽ ഉണ്ടായിരുന്നില്ല. 31.3.2017-ന് പ്രധാനാദ്ധ്യാപകനായ ശ്രീ.ചന്ദ്രപ്രകാശ് വിരമിച്ചപ്പോൾ സീനിയർ അദ്ധ്യാപകനെ HM ആയി പ്രൊമോട്ട് ചെയ്ത ഒഴിവിൽ 1.6.2017 മുതൽ എന്നെ നിലനിർത്തി. ഈ നിയമനം ശമ്പള സ്കെയിലിൽ മണ്ണാർക്കാട് ഡി.ഇ.ഒ അംഗീകരിച്ചിട്ടുമുണ്ട്. ദേശീയപാത വികസനത്തിന്റെ ഭാഗമായി സ്കൂളിന്റെ ഒരു ഭാഗം പൊളിച്ചു മാറ്റിയതുമൂലം സ്കൂൾ പ്രവർത്തിക്കാൻ

കഴിയാതെ വന്നതിനാൽ സ്കൂളിൽ ഉണ്ടായിരുന്ന 8 കുട്ടികളെ 2021 നവംബറിൽ മറ്റു സ്കൂളുകളിലേക്ക് മാറ്റി. ഈ സമയം സ്കൂളിൽ 3 അദ്ധ്യാപകർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇവരെ പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഉത്തരവ് നമ്പർ 10687/2021/B3 തീയ്യതി 23.3.2022 പ്രകാരം മറ്റു സ്കൂളുകളിലേക്ക് വിന്യസിച്ചു. ഇത് പ്രകാരം 26.3.2022-ന് ഞാൻ ഷൊർണ്ണൂർ ഉപജില്ലയിലെ കയിലിയാട് എ.എൽ.പി സ്കൂളിൽ ജോയിൻ ചെയ്തു. 25.3.2022 വരെ ഞാൻ കടമ്പഴിപ്പുറം എ.ജെ.ബി സ്കൂളിൽ ഹാജരായിട്ടുണ്ട്.

26.3.2022 മുതൽ കയിലിയാട് എ.എൽ.പി സ്കൂളിൽ തുടർന്നുവരവേ, ഈ സ്കൂളിലേക്കുള്ള പുനർവിന്യാസം ഡിഡിഇ റദ്ദ് ചെയ്തിട്ടുണ്ടെന്നും, അതിനാൽ ഇനി സ്കൂളിൽ വരേണ്ടതില്ലെന്നും പ്രധാനാദ്ധ്യാപിക വാക്കാൽ നിർദ്ദേശിച്ചതിനാൽ 1.9.2022 മുതൽ എനിക്ക് സ്കൂളിൽ ഹാജരാവാൻ കഴിഞ്ഞില്ല. എന്നെ കയിലിയാട് എ.എൽ.പി സ്കൂളിൽ നിലനിർത്താൻ ഉത്തരവ് നൽകണമെന്ന് കാണിച്ച് 3.9.2022-ന് സർക്കാരിലേക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. പുനർവിന്യാസം റദ്ദ് ചെയ്തുകൊണ്ടുള്ള പാലക്കാട് ഡി.ഡി.ഇ.യുടെ ഉത്തരവ് ചെർപ്പുളശ്ശേരി എ.ഇ.ഒ. മുഖേന 31.10.2022-ന് ശേഷമാണ് എനിക്ക് ലഭിക്കുന്നത്.

മുകളിൽ പ്രസ്താവിച്ച വസ്തുതകൾ പരിഗണിച്ച് താഴെ കാണുന്ന ആവശ്യങ്ങൾ അനുവദിക്കുന്നതിനുള്ള ഉത്തരവ് നൽകണമെന്ന് സവിനയം അപേക്ഷിക്കുന്നു.

1) എന്റെ നിയമനം റഗുലർ തസ്തികയിൽ ആയതിനാൽ, ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ച 23.9.2014 മുതൽ നിയമനം അംഗീകരിച്ചത് പുനഃപരിശോധിച്ച് 2.6.2014 മുതൽ തുടർച്ചയായി അംഗീകരിക്കുക.

2) G.O.(P)29/2016/G.Edn dated 29.1.2016-ലെ ഖണ്ഡിക 1(5) പ്രകാരം 2014-15 വരെ റഗുലർ തസ്തികകളിൽ നിയമിക്കപ്പെട്ടവർക്ക് സംരക്ഷണ ആനുകൂല്യം ഉണ്ട്. ഇതനുസരിച്ച് എനിക്ക് സംരക്ഷണ ആനുകൂല്യം നൽകി 2015-16, 2016-17 വർഷങ്ങളിൽ തസ്തിക നഷ്ടപ്പെട്ടതുമൂലം പുറത്തുനിന്ന കാലയളവ് സർവ്വീസായി പരിഗണിക്കുക.

3) 30.9.2021വരെ മാത്രമേ എനിക്ക് വേതനം തന്നിട്ടുള്ളൂ. 25.3.2022 വരെ ഞാൻ കടമ്പഴിപ്പുറം എ.ജെ.ബി സ്കൂളിൽ ഹാജരായിട്ടുണ്ട്. 26.3.2022 മുതൽ 31.8.2022 വരെ കയിലിയാട് എ.എൽ.പി സ്കൂളിലാണ്. ഈ കാലയളവിലെ ശമ്പളവും ലഭിച്ചിട്ടില്ല. അതിനാൽ 1.10.2021 മുതൽക്കുള്ള ശമ്പളവും മറ്റാനുകൂല്യങ്ങളും അനുവദിക്കുക.

4) എന്റെ പുനർവിന്യാസം പിൻവലിച്ച പാലക്കാട് ഡി.ഡി.ഇ.യുടെ ഉത്തരവ് (DDEPKD/1398/2022-B3 Dated 22.10.2022) റദ്ദ് ചെയ്ത് ഉടൻ പ്രാബല്യത്തിൽ എനിക്ക് പുനർവിന്യാസം നൽകുക. 1.9.2022 മുതൽ റീജോയിൻ ചെയ്യുന്നതുവരെയുള്ള കാലയളവ് സർവ്വീസായി പരിഗണിക്കുക.

### 3. ഇക്കാര്യത്തിൽ വിദ്യാഭ്യാസ ഓഫീസർമാർ സമർപ്പിച്ച റിപ്പോർട്ട്

ചുവടെ കൊടുക്കുന്നു:

കടമ്പഴിപ്പുറം ജൂനിയർ ബേസിക് സ്കൂളിലെ എൽ.പി.എസ്.ടി ആയിരുന്ന ശ്രീ അച്യുതൻ **24.03.2014** മുതൽ തന്റെ 51എ അവകാശം പരിത്യജിച്ച ഒഴിവിലേക്ക് ശ്രീമതി സബിത എ.യെ **02.06.2014** മുതൽ എൽ.പി.എസ്.ടി. തസ്തികയിലേക്ക് മാനേജർ നിയമിച്ചു.

കടമ്പഴിപ്പുറം ജൂനിയർ ബേസിക് സ്കൂളിലെ **2014-15** അധ്യയന വർഷത്തെ തസ്തിക നിർണ്ണയം ജി.ഒ.(പി)നം.**29/2016**/പൊ.വി.വ തീയതി **29.01.2016** പ്രകാരം പുനർനിർണ്ണയിച്ച് ഉത്തരവാക്കിയപ്പോൾ ശ്രീമതി സബിതയെ ഉൾക്കൊള്ളിക്കുവാൻ **1:30** അനുപാതത്തിൽ തസ്തിക അനുവദിക്കുകയാണ് ചെയ്തിട്ടുള്ളത്. ശ്രീമതി സബിതയുടെ നിയമനം **02.06.2014** മുതൽക്കാണെങ്കിലും **2014-15** വർഷത്തെ സ്കൂളിന്റെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് തീയതി **23.09.2014** ആയതിനാൽ **23.09.2014** മുതൽ **31.03.2015** വരെ റഗുലർ ആയി ചെർപ്പുളശ്ശേരി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ച് നൽകുകയുണ്ടായി. **23.09.2014** മുതൽ **31.03.2015** വരെ **8** മാസം സേവനം വരുന്നതല്ലാത്തതിനാൽ ടിയാരിക്ക് അവധിക്കാല വേതനത്തിന് അർഹതയില്ല എന്നതിന്റെ അടിസ്ഥാനത്തിലാണ് ടിയാരിയുടെ നിയമനം **23.09.2014** മുതൽ **31.03.2015** വരെ പരിമിതപ്പെടുത്തി നൽകിയിട്ടുള്ളത്.

**2015-16, 2016-17** അധ്യയന വർഷങ്ങളിലെ തസ്തിക നിർണ്ണയ ഉത്തരവുകൾ പ്രകാരം ശ്രീമതി സബിതയ്ക്ക് നിലനിൽക്കാനാവശ്യമായ തസ്തിക ലഭ്യമല്ല. പിന്നീട് **31.03.2017**-ന് സ്കൂളിലെ പ്രധാനാധ്യാപകനായ ശ്രീ ടി.ചന്ദ്രപ്രകാശ് വിരമിച്ചതിനെത്തുടർന്ന് ടിയാരിയെ ഉൾക്കൊള്ളാൻ തസ്തിക ലഭ്യമായി. എന്നാൽ **2017-18** വർഷം വിദ്യാലയത്തിൽ ആകെ **60** കുട്ടികളേ ഉണ്ടായിരുന്നുള്ളൂ. സർക്കുലർ നം.ജെ2/**58604/2012**/പൊ.വി.വ തീയതി **06.11.2012** പ്രകാരം മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത വിദ്യാലയങ്ങളിൽ ദിവസവേതനാടിസ്ഥാനത്തിൽ മാത്രം നിയമനം അംഗീകരിച്ച് നൽകേണ്ടതും പിന്നീട് ഡി.പി.ഐ പുനഃപരിശോധിച്ച് ശമ്പളസ്കെയിൽ അംഗീകാരം നൽകുന്നതാണെന്നുമുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ശ്രീമതി സബിതയുടെ നിയമനം **01.06.2017** മുതൽ ദിവസവേതനാടിസ്ഥാനത്തിലാണ് ചെർപ്പുളശ്ശേരി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ച് നൽകിയത്.

ഉപജില്ലാവിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവിനെതിരെ മാനേജർ മണ്ണാർക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ മുമ്പാകെ അപ്പീൽ സമർപ്പിച്ചു. ശ്രീമതി സബിത എ.യുടെ **23.09.2014** മുതൽ **31.03.2015** വരെ നിയമനം അംഗീകരിച്ച ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ നടപടി ശരിവച്ചുകൊണ്ടും **2015-16, 2016-17** അധ്യയന വർഷങ്ങളിൽ തസ്തിക ലഭ്യമല്ലാത്തതിനാൽ ടിയാരിയെ പുറത്താക്കിയ നടപടി ശരിവച്ചും **01.06.2017** മുതൽ ദിവസവേതനാടിസ്ഥാനത്തിൽ അംഗീകരിച്ച നിയമനം ശമ്പള സ്കെയിലിൽ അനുവദിച്ചുകൊണ്ടും മണ്ണാർക്കാട്

ജില്ലാ വിദ്യാഭ്യാസ ഓഫീസർ കെ.ഡിസ്./ബി1/1780/2018 തീയതി 07.06.2018 പ്രകാരം ഉത്തരവ് നൽകി. അതിന്റെ അടിസ്ഥാനത്തിൽ 01.06.2017 മുതൽ ദിവസവേതനാടിസ്ഥാനത്തിൽ അംഗീകരിച്ച് നൽകിയ നിയമനം ശമ്പള സ്കെയിലിൽ അനുവദിച്ച് ചെർപ്പുളശ്ശേരി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ഉത്തരവായി.

ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവിനെതിരെ മാനേജർ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് റിവിഷൻ ഹർജി നൽകുകയും 2015-16, 2016-17 അധ്യയന വർഷങ്ങളിൽ നിയമനം അംഗീകരിക്കണമെന്ന മാനേജരുടെ ആവശ്യത്തിൽ പ്രസ്തുത വർഷങ്ങളിൽ തസ്തിക ലഭ്യമല്ലാത്തതിനാൽ മാനേജരുടെ ആവശ്യം പരിഗണനാർഹമല്ലെന്ന് വ്യക്തമാക്കി പൊതുവിദ്യാഭ്യാസ ഡയറക്ടർ പ്രസ്തുത ഹർജി നിരസിക്കുകയുണ്ടായി.

കടമ്പഴിപ്പുറം ജെ.ബി.എസ്.സ്കൂളിൽ ദേശീയ പാത വികസനത്തിന്റെ ഭാഗമായി കൈയ്യേറിയ സ്ഥലം തിരിച്ചുപിടിക്കുന്നതുമായി ബന്ധപ്പെട്ട് വിദ്യാലയത്തിന്റെ മതിൽ ഇളക്കിമാറ്റിയിരിക്കുന്നുവെന്നും പൊളിച്ചുമാറ്റലിന്റെ ഭാഗമായി വൈദ്യുതിയടക്കം വിച്ഛേദിച്ചിരിക്കുന്നുവെന്നും മേൽ സാഹചര്യത്തിൽ വിദ്യാലയത്തിൽ അറ്റകുറ്റപ്പണികൾ പൂർത്തായാക്കാനുള്ള അവസ്ഥയിലല്ല എന്നും ബഹു.വിദ്യാഭ്യാസ മന്ത്രിയുടെ നിയമസഭാ പ്രസ്താവന പ്രകാരം വിദ്യാർത്ഥികളെ തൊട്ടടുത്ത വിദ്യാലയത്തിൽ പഠിപ്പിക്കാനുള്ള സൗകര്യം ഉണ്ടാക്കണമെന്നും വിദ്യാലയവുമായി ബന്ധപ്പെട്ട രേഖകൾ സൂക്ഷിക്കാൻ ബന്ധപ്പെട്ട അധ്യാപകരെ ചുമതലപ്പെടുത്തണമെന്നും 13.07.2021 തീയതിയിലെ കത്തിലൂടെ മാനേജർ ചെർപ്പുളശ്ശേരി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറോട് അപേക്ഷിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സ്കൂൾ സന്ദർശിക്കുകയുണ്ടായി. സ്കൂളിനെ സംബന്ധിച്ച് മാനേജർ പറഞ്ഞ കാര്യങ്ങൾ ബോധ്യപ്പെട്ടതിനാലും 2021-22 വർഷത്തെ ഫിറ്റനസ് സർട്ടിഫിക്കറ്റ് മാനേജർ ലഭ്യമാക്കാതിരുന്നതിനാലും 2021 നവംബർ 1-ന് വിദ്യാലയം തുറന്നു പ്രവർത്തിക്കരുതെന്ന് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിർദ്ദേശിച്ചു. സ്കൂൾ തുറന്ന് പ്രവർത്തിക്കാൻ കഴിയാത്ത സാഹചര്യത്തിൽ പ്രസ്തുത വിദ്യാലയത്തിൽ പഠിച്ചിരുന്ന 8 വിദ്യാർത്ഥികളേയും സമീപ വിദ്യാലയങ്ങളിലേക്ക് അധ്യയനം സാധ്യമാക്കുന്നതിനായി മാറ്റുകയുണ്ടായി.

2021-22 വർഷത്തിൽ ഫിററ്നസ് സർട്ടിഫിക്കറ്റ് ലഭ്യമല്ലാത്തതിനാലും സ്കൂൾ തുറന്നു പ്രവർത്തിക്കാത്തതിനാലും ടി സ്കൂളിലെ പ്രധാനാദ്ധ്യാപകൻ ഇൻ ചാർജ് ഉൾപ്പെടെയുള്ള 3 അദ്ധ്യാപകരുടെയും 2021 ഒക്ടോബർ മാസം മുതലുള്ള ശമ്പളം ക്ലെയിം ചെയ്യരുതെന്ന് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിർദ്ദേശിച്ചു.

സ്കൂൾ തുറന്ന് പ്രവർത്തിക്കാത്ത സാഹചര്യത്തിൽ ശ്രീമതി സബിത ഉൾപ്പെടെയുള്ള 3 അധ്യാപകരുടെ 28.10.2021 തീയതി പ്രകാരമുള്ള അപേക്ഷയുടെയും ചെർപ്പുളശ്ശേരി ഉപജില്ലാവിദ്യാഭ്യാസ ഓഫീസറുടെ കത്ത്

നമ്പർ ഇ/2656/2021 തീയതി 08.02.2022, 10.03.2022 പ്രകാരമുള്ള റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിദ്യാഭ്യാസ ഉപഡയറക്ടറുടെ 23.03.2022-ലെ ഉത്തരവ് പ്രകാരം സ്കൂളിലെ മറ്റ് എൽ.പി.എസ്.ടി.മാരായ ശ്രീ.മധുസൂദനൻ പി.കെ., ശ്രീമതി വിനിത ടി. എന്നിവരെ പുനർവിന്യസിക്കുന്നതിനൊപ്പം എൽ.പി.എസ്.ടി. ആയ ശ്രീമതി എ. സബിതയെ കയിലിയാട് എ.എൽ.പി.എസ്.ലെ എച്ച്.ടി.വി. ഒഴിവിലേക്ക് പുനർവിന്യസിച്ചിരുന്നു. സ്കൂളിലെ 3 അദ്ധ്യാപകരും ചേർന്ന് ബഹു,ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)നമ്പർ 4151/22 റിട്ട് ഹർജിയിന്മേൽ 10.06.2022 തീയതിയിലെ ഇടക്കാല ഉത്തരവ് പുറപ്പെടുവിക്കുകയും അതിൽ ടി 3 അദ്ധ്യാപകർക്കും അവർ പുനർവിന്യസിക്കപ്പെട്ട തീയതി മുതൽക്കുള്ള ശമ്പളം വാങ്ങി നൽകുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു.

ശ്രീമതി എ. സബിതയുടെ എൽ.പി.എസ്.ടി നിയമനം 23.09.2014 മുതൽ 31.03.2015 വരെ അംഗീകരിച്ച് നൽകിയതിനെ തുടർന്ന് 2015-16, 2016-17 വർഷങ്ങളിൽ തസ്തികയില്ലാത്തതിനാലും തുടർന്നുള്ള നിയമനം 01.06.2017 മുതലുമായതിനാൽ ടിയാരിയുടെ സംരക്ഷണാനുകൂല്യത്തിന്റെ കാര്യത്തിൽ വ്യക്തത വരുത്തുന്നതിനുവേണ്ടിയും സ്കൂൾ തുറന്ന് പ്രവർത്തിക്കാത്ത സാഹചര്യത്തിൽ ഒക്ടോബർ 2021 മുതൽ അധ്യാപകർക്ക് ശമ്പളം നൽകുന്നത് സംബന്ധിച്ചുള്ള കാര്യത്തിൽ വ്യക്തത ലഭിക്കുന്നതിനായി പൊതുവിദ്യാഭ്യാസ ഡയറക്ടറോട് സ്പഷ്ടീകരണം ആരാഞ്ഞിരുന്നു. ശ്രീമതി എ.സബിത എൽ.പി.എസ്.ടി.യെ നിലനിർത്തുന്നത് സംബന്ധിച്ചുള്ള കാര്യത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ കത്ത് നമ്പർ ഡിജിഇ/6630/2022-എച്ച്5 തീയതി 27.05.2022 പ്രകാരം സർക്കാരിനോട് കൂടുതൽ വ്യക്തത ആവശ്യപ്പെടുകയും അതിന്റെ അടിസ്ഥാനത്തിൽ സർക്കാർ കത്ത് നമ്പർ ജി.ഇഡിഎൻ.ബി3/168/2022 തീയതി 26.07.2022 പ്രകാരം ശ്രീമതി എ.സബിത എൽ.പി.എസ്.ടി.ക്ക് സംരക്ഷണാനുകൂല്യമില്ലെന്നും ടിയാരിയെ പുനർവിന്യസിച്ച നടപടി തെറ്റാണെന്നും സർക്കാർ വ്യക്തമാക്കുകയും ചെയ്തു. എങ്കിലും അധ്യാപകർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഡബ്ല്യൂ.പി.(സി)നമ്പർ 4151/2022-ലുള്ള ഇടക്കാല വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ മറ്റ് അധ്യാപകർക്കൊപ്പം ശ്രീമതി എ.സബിത എൽ.പി.എസ്.ടി.ക്കും ശമ്പളം നൽകാനും സർക്കാർ നിർദ്ദേശിക്കുകയുണ്ടായി. ശ്രീമതി.എ.സബിത എൽപി.എസ്.ടി. തന്റെ നിയമനവുമായി ബന്ധപ്പെട്ട് സർക്കാരിലേക്ക് 22.08.2022 തീയതി പ്രകാരം ഒരു റിവിഷൻ ഹർജി നൽകിയിട്ടുണ്ടെന്നും അതിന്റെ ഉത്തരവിനു വിധേയമായി ശമ്പളം കൈപ്പറ്റിക്കൊള്ളാമെന്ന് 22.08.2022 കത്ത് പ്രകാരം ടിയാരിയെ പുനർവിന്യസിച്ച എ.എൽ.പി.എസ്, കയിലിയാട് പ്രധാനാധ്യാപികയെ രേഖാമൂലം അറിയിച്ചിട്ടുണ്ട്. പ്രസ്തുത വിവരം ഈ ഓഫീസിൽ നിന്നു ബഹുമാനപ്പെട്ട ഹൈക്കോടതിയെ അറിയിക്കുകയും ബഹുമാനപ്പെട്ട ഹൈക്കോടതി അത്

രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ടിയാരി നിലവിൽ ശമ്പളം കൈപ്പറ്റിയിട്ടില്ല. ചെർപ്പുളശ്ശേരി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ കടമ്പഴിപ്പുറം ജെ.ബി.എസ്. ന്റെ **2022-23** വർഷത്തെ തസ്തിക നിർണ്ണയം നടത്തുകയും അതിൽ ശ്രീമതി എ.സബിത. എ.എൽ.പി.എസ്.ടി.ക്ക് സംരക്ഷണാനുകൂല്യമില്ലാത്തതിനാൽ ടിയാരിയെ റിട്രെഞ്ച് ചെയ്യുകയും ചെയ്തു.

സർക്കാർ കത്ത് നമ്പർ ബി3/168/2022/GEdn തീയതി **26.07.2022** പ്രകാരം ശ്രീമതി എ.സബിത എൽ.പി.എസ്.ടി.ക്ക് സംരക്ഷണത്തിന് അർഹതയില്ലെന്നും ടിയാരിയെ പുനർവിന്യസിച്ച നടപടി തെറ്റാണെന്ന് വ്യക്തമാക്കുകയും ചെയ്ത സാഹചര്യത്തിൽ, ടിയാരിയുടെ പുനർവിന്യാസവുമായി ബന്ധപ്പെട്ട് **12.09.2022**-ന് ഈ ഓഫീസിൽ വെച്ച് ഒരു കൂടിക്കാഴ്ച നടത്തുകയും ടിയാരിയെ പുനർവിന്യസിച്ച നടപടി റദ്ദ് ചെയ്ത് വിദ്യാഭ്യാസ ഉപഡയറക്ടർ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ടിയാരിയുടെ മാതൃവിദ്യാലയം നിലവിൽ തുറന്ന് പ്രവർക്കുന്നില്ല എന്ന കാര്യം ബോധിപ്പിക്കുന്നു.

ശ്രീമതി എ.സബിത എൽ.പി.എസ്.ടി യുടെ നിയമനം **02.06.2014** മുതൽക്കാണെങ്കിലും **2014-15** അധ്യയന വർഷത്തെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് **23.09.2014** തീയതി മുതൽക്കായതിനാൽ **23.09.2014** മുതൽ **31.03.2015** തീയതി വരെ പരിമിതപ്പെടുത്തി അംഗീകരിച്ച നടപടിയിലും **2015-16, 2016-17** വർഷങ്ങളിൽ ടിയാരിയെ ഉൾക്കൊളളിക്കുന്നത് സംബന്ധിച്ചും ടിയാരിയുടെ സംരക്ഷണാനുകൂല്യത്തിന്റെ കാര്യത്തിലും ഉചിതമായ ഉത്തരവിനായി ഹിയറിംഗ് നോട്ട് സമർപ്പിക്കുന്നു.

**4.** സർക്കാർ ഇക്കാര്യം ഹിയറിംഗ് സമയത്തെവാദം, ഹാജരാക്കപ്പെട്ട രേഖകൾ, കേരള വിദ്യാഭ്യാസ ചട്ടങ്ങൾ/സർക്കാർ ഉത്തരവുകൾ കോടതി വിധിന്യായങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു.

**5.** ദേശീയപാത വികസനത്തിന്റെ ഭാഗമായി സ്കൂളിന്റെ ഒരു ഭാഗം പൊളിച്ചു മാറ്റിയത് മൂലം സ്കൂൾ പ്രവർത്തിക്കാൻ കഴിയാതെ വന്നതിനാൽ സ്കൂളിൽ ഉണ്ടായിരുന്ന **8** കുട്ടികളെ മറ്റു സ്കൂളുകളിലേക്ക് മാറ്റുകയും, ഹർജിക്കാരി ഉൾപ്പെടെ സ്കൂളിലെ **3** അദ്ധ്യാപകരെ മറ്റ് സ്കൂളുകളിലേക്ക് **23.3.2022**-ലെ പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഉത്തരവ് പ്രകാരം പുനർവിന്യസിക്കുകയുമുണ്ടായി. ഇത് പ്രകാരം ടിയാൾ **26.3.2022**-ന് ഷൊർണ്ണൂർ കയിലിയാട് എ.എൽ.പി സ്കൂളിൽ ജോയിൻ ചെയ്ത് ടി സ്കൂളിൽ തുടർന്നു വരവേ പ്രധാനാദ്ധ്യാപിക വാക്കാൽ നിർദ്ദേശിച്ചത് പ്രകാരം **1.9.2022** മുതൽ ടിയാൾക്ക് ജോലിയിൽ തുടരുവാൻ സാധിച്ചില്ല. തുടർന്ന് പുനർവിന്യാസം വിദ്യാഭ്യാസ ഉപഡയറക്ടർ റദ്ദ് ചെയ്ത് **22.10.2022**-ൽ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. **26.7.2022**-ലെ ബി3/168/2022/പൊ.വി.വ നമ്പർ സർക്കാർ കത്തിന്റെ അടിസ്ഥാനത്തിലാണ് ഹർജിക്കാരിയുടെ പുനർവിന്യാസം പാലക്കാട്

വിദ്യാഭ്യാസ ഉപഡയറക്ടർ റദ്ദ് ചെയ്തത്. ഹർജിക്കാരിയും സ്കൂളിലെ മറ്റ് രണ്ട് അദ്ധ്യാപകരും ചേർന്ന് ഫയൽ ചെയ്ത WP (C) യുടെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാർക്ക് അവർ ജോലി ചെയ്ത കാലയളവിൽ ശമ്പളം നൽകാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സർക്കാർ നിർദ്ദേശം നൽകുകയുണ്ടായി. എന്നാൽ ഹർജിക്കാരി (ശ്രീമതി. സബിത) 22.8.2022-ൽ സർക്കാരിൽ റിവിഷൻ ഹർജി സമർപ്പിച്ചിട്ടുണ്ടെന്നും, അതിന്റെ ഉത്തരവിനു വിധേയമായി ശമ്പളം കൈപ്പറ്റിക്കൊള്ളാമെന്ന് ബഹു.ഹൈക്കോടതിയെ അറിയിക്കുകയും, ബഹു. ഹൈക്കോടതി അത് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ടിയാൾ നിലവിൽ ശമ്പളം കൈപ്പറ്റിയിട്ടില്ലെന്ന് വിദ്യാഭ്യാസ ഉപഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. മേൽ സാഹചര്യത്തിൽ, ശ്രീമതി.സബിത എ.യെ 2.6.2014 മുതൽ നിയമിച്ചത് ശ്രീ. എ.അച്യുതൻ 24.3.2014-ന് രാജി വെച്ച റഗൂലർ ഒഴിവിലാണെങ്കിലും, സ്കൂളിന് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് 23.9.2014 മുതൽ മാത്രമാണ് ലഭ്യമായിട്ടുള്ളത് എന്നതിനാൽ 23/9/2014 മുതൽ ടി തസ്തിക നിലനിന്ന 14/7/2015 വരെ തുടർച്ചയായി ശമ്പള സ്കെയിലിൽ വെക്കേഷൻ സാലറിയോടു കൂടി നിയമനാംഗീകാരം നൽകുവാനും, 15/7/2015 മുതൽ പിന്നീട് പുനർനിയമനം കിട്ടിയ 1.6.2017 വരെയുള്ള തസ്തിക നഷ്ടപ്പെട്ട കാലയളവ് നോൺ ഡ്യൂട്ടി ആയി ക്രമപ്പെടുത്തുവാനും, ബഹു. ഹൈക്കോടതി വിധി പ്രകാരം ടിയാൾ ജോലി ചെയ്ത കാലയളവിലെ ശമ്പളം അനുവദിക്കുവാനും, GO (P) 29/2016/പൊ.വി.വ തീയതി 29.1.2016 ഖണ്ഡിക I (5) പ്രകാരം 2011-2012 മുതൽ 2014-2015 വരെ റഗുലർ ഒഴിവിൽ നിയമിക്കപ്പെട്ടവർക്ക് സംരക്ഷണാനുകൂല്യം ഉള്ളതിനാൽ 23.9.2014 മുതൽ രാജി ഒഴിവിൽ നിയമനാഗീകാരം ലഭിച്ചിരിക്കുന്ന ശ്രീമതി.സബിത എ.ക്ക് സംരക്ഷണാനുകൂല്യം നൽകുവാനും, അപ്രകാരം പുനർവിന്യസിപ്പിച്ച് ശമ്പളം വിതരണം ചെയ്യുവാനും ചെർപ്പുളശ്ശേരി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി, പാലക്കാട് ഷൊർണ്ണൂർ കയിലിയാട് എ.എൽ.പി.സ്കൂളിലെ അദ്ധ്യാപികയായ ശ്രീമതി.സബിത എ. സർക്കാരിൽ ഫയൽ ചെയ്ത പരാമർശം 1 (Ext.P9) പുനഃപരിശോധനാ ഹർജി തീർപ്പാക്കി, അപ്രകാരം ബഹു.ഹൈക്കോടതിയുടെ പരാമർശം 2 വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീജ വി
അഡിഷണൽ സെക്രട്ടറി

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട്.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പാലക്കാട്.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ചെർപ്പുളശ്ശേരി, പാലക്കാട് ജില്ല.
മാനേജർ, എ.എൽ.പി. സ്കൂൾ, കയിലിയാട്,
ഷൊർണ്ണൂർ, പാലക്കാട്.
പ്രഥമാദ്ധ്യാപകൻ, എ.എൽ.പിസ്കൂൾ, കയിലിയാട്,
ഷൊർണ്ണൂർ, പാലക്കാട്.
മാനേജർ, ജൂനിയർ ബേസിക് സ്കൂൾ, കടമ്പഴിപ്പുറം, പാലക്കാട്.
പ്രഥമാദ്ധ്യാപകൻ, ജൂനിയർ ബേസിക് സ്കൂൾ, കടമ്പഴിപ്പുറം, പാലക്കാട്.
ശ്രീമതി. സബിത എ., എ.എൽ.പിസ്കൂൾ, കയിലിയാട്,
ഷൊർണ്ണൂർ, പാലക്കാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ, ആഡിറ്റ്),
തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്
(സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കാൻ)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Shahna Kumari S L
Date: 20-05-2023 11:12:23
സെക്ഷൻ ഓഫീസർ